ഉത്തരം

(എ) നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ് II - 5 എണ്ണം

കേഡർ സ്ട്രെങ്ത് - 36 എണ്ണം

(സി) ഇല്ല.

(ഡി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ് - 4 എണ്ണം, 6 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്-31 എണ്ണം, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് - 1 എണ്ണം

(ഇ) 2015-16 സാമ്പത്തിക വർഷത്തിൽ 5 പ്രൊമോഷനുകളും 5 പുതിയ ഒഴിവുകളും ഉൾപ്പെടെ ആകെ 10 ഒഴിവുകൾ പ്രതീക്ഷിക്കുന്നു.

കേന്ദ്ര സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികൾ

50 (T 2683) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിനായി ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ ഉള്ളടക്കം വിശദമാക്കുമോ ;

(സി) ഇത് മോണിറ്റർ ചെയ്യുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള കേന്ദ്രവിഹിതം മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് യഥാസമയം ചെലവഴിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാമാസവും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നടത്തിപ്പ് അവലോകനം നടത്തുകയും നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിനും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ കൈമാറുന്ന ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമായി പരിശോധിക്കുന്നതിലേക്കായി വകുപ്പുതല അവലോകനം, ധനകാര്യ വകുപ്പിന്റെ പരിശോധന, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മാസംതോറുമുള്ള സാമ്പത്തികപുരോഗതി വിലയിരുത്തുന്നതിനും മറ്റുവകുപ്പുകളുമായുള്ള സംയോജനത്തിനും മറ്റുമായി സാമ്പത്തിക ആസൂത്രണ കാര്യവകുപ്പിൽ പ്രത്യേക സംവിധാനം (ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻസ്പേസ്) നിലവിലുണ്ട്.

പ്ലാനിംഗ് കമ്മീഷൻ പുനഃസംഘടന

51 (T 2684) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ പ്ലാനിംഗ് കമ്മീഷൻ പുനഃസംഘടിപ്പിച്ചത് സംസ്ഥാന സർക്കാരിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കാമോ ;

(ബി) നീതി ആയോഗിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു